**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1508 — 22/3/2013 - ൽ മറുപടിയ്ക്ക്

# നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) | നാളീകേരത്തിന് ന്യായവില ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതിപ്രകാരമുള്ള കൊപ്രസംഭരണം നടപ്പിലാക്കിയിട്ടുണ്ട്. 2012 സീസണിലേക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ നിരക്കിലും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപ നിരക്കിലുമാണ് കൊപ്രസംഭരണം നടത്തിയത്. അതു പ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ് ഫെഡും അവരുടെ സഹകരണ സംഘങ്ങളിലൂടെയാണ് സംഭരണം നടത്തിയത്. 2013 സീസണിലേക്ക് കേന്ദ്രസർക്കാർ മില്ലിംഗ് കൊപ്രയുടെ താങ്ങുവില ഉയർത്തി ക്വിൻറലിന് 5250 രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 5500 രൂപയുമാക്കിയിട്ടുണ്ട്.<br>ഇതിന് പുറമേ കർഷകർക്ക് കൂടുതൽ |

പ്രയോജനം ലഭിക്കുന്ന വിധത്തിൽ കൃഷി ഭവനുകൾ വഴി കർഷകരിൽ നിന്നും പച്ചത്തേങ്ങ നേരിട്ട് സംഭരിച്ച് കേരഫെഡ് മുഖേന കൊപ്രയാക്കുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ നടപ്പിലാക്കി വരുന്നു. പ്രാരംഭ പ്രവർത്തന മെന്ന നിലയിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം എന്നീ 8 ജില്ലകളിലെ തെരെഞ്ഞെടുത്ത കൃഷിഭവനിലൂടെയാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. കിലോയ്ക്ക് 16 രൂപ നിരക്കിൽ കർഷകരിൽ നിന്നും സംഭരിക്കുന്ന നാളീകേരത്തിന്റെ വില അന്നന്ന് തന്നെ ഇ-പേയ്മെന്റ് വഴി കർഷകർക്ക് നൽകി വരുന്നു.

(ബി) നാളികേരം സംഭരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 2012 സീസണിലേക്ക് കേന്ദ്രസർക്കാർ കൊപ്രയ്ക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങു വില പ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡുമാണ് കൊപ്രസംഭരണം നടത്തിയത്. 2013 സീസണിലേക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില പ്രകാരം സംഭരണം നടത്തുന്നതിന് ഏജൻസികളെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സംസ്ഥാന സർക്കാർ കൃഷി ഭവനിലൂടെ നടപ്പിലാക്കി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതിയിൽ കർഷകരിൽ നിന്നും

നേരിട്ട് പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡ് മുഖേന കൊപ്രയാക്കി മാറ്റുകയാണ്. കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കി വരുന്ന ഈ പദ്ധതി പ്രകാരം സംഭരിക്കുന്ന പച്ച നാളികേരം ഇപ്പോൾ കൃഷിഫാമുകളിലും കൊപ്രയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | എത്ര രൂപവെച്ചാണ് നാളികേരം സംഭരിച്ചതെന്നും എത്ര നാളികേരം ഈ ഏജൻസികൾ സംഭരിച്ചുവെന്നും അറിയിക്കുമോ ; | (സി) | 2012 സീസണിലേക്ക് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ നിരക്കിലും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപ നിരക്കിലുമാണ് കേരഫെഡും മാർക്കറ്റ് ഫെഡും കൊപ്രസംഭരണം നടത്തിയിട്ടുള്ളത്. അത് പ്രകാരം 18143.11 ടൺ കൊപ്ര കേരഫെഡും മാർക്കറ്റ് ഫെഡും സംഭരിച്ചിട്ടുണ്ട്. 2013 സീസണിലേക്ക് കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സംഭരണം നടത്തുന്നതിനുള്ള ഏജൻസികളെ നിശ്ചയിച്ച് ഉത്തരവായിട്ടില്ലാത്തതിനാൽ ഇതു പ്രകാരം സംഭരണം ആരംഭിച്ചിട്ടില്ല. സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം ഇതിനകം 8 ജില്ലകളിലെ 212 കൃഷി ഭവനുകളിലൂടെ 5410 കർഷകരിൽ നിന്നും 2746.68 ടൺ പച്ചത്തേങ്ങ കൃഷി വകുപ്പും കേരഫെഡും സംയുക്തമായി സംഭരിച്ച് കൊപ്രയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. |

(ഡി) ഈ വർഷം പച്ചത്തേങ്ങയുടേയും കൊപ്രയുടേയും സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

(ഡി) കൃഷി ഭവനുകളിലൂടെ നടപ്പിലാക്കി വരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം, ആരംഭകാലത്ത് കിലോയ്ക്ക് 14 രൂപ നിരക്കിൽ, കർഷകർക്ക് നൽകിക്കൊണ്ടിരുന്ന സംഭരണ വില ഉയർത്തി ഇപ്പോൾ കിലോയ്ക്ക് 16 രൂപയാക്കിയിട്ടുണ്ട്. ഇതിന് പുറമേ പദ്ധതി കൂടുതൽ ഊർജ്ജിതമാക്കുന്നതിന് കൂടുതൽ കൃഷി ഭവനുകളെ പദ്ധതിയിൻ കീഴിൽ കൊണ്ടു വരുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ